**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5888** **16-03-2023 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി ഭക്ഷ്യ സംസ്കരണകേന്ദ്രം ബ്ലോക്ക് പഞ്ചായത്തിന് കൈമാറാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2021 ഡിസംബർ 2-ന് ചേർന്ന യോഗ തീരുമാന പ്രകാരം ബാലുശ്ശേരി ഭക്ഷ്യ സംസ്കരണകേന്ദ്രം ബ്ലോക്ക് പഞ്ചായത്തിന് കൈമാറാൻ തീരുമാനിച്ചിരുന്നോ; വിശദാംശം അറിയിക്കുമോ; പ്രസ്തുത യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ; പ്രസ്തുത തീരുമാനം നടപ്പിലാക്കാൻ കാലതാമസം നേരിട്ടത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ? | (എ) | ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02.12.2021 ന് ചേർന്ന യോഗത്തിന്റെ തീരുമാനം (1) പ്രകാരം 01.01.2022 ന് പ്രാബല്യത്തിൽ വരുന്ന വിധം ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് തീരുമാനിച്ചിരുന്നു. യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ്അനുബന്ധമായി ചേർക്കുന്നു.<br><br>കൂടാതെ പ്രസ്തുത തീരുമാനപ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിച്ച നടപടികൾ അവലോകനം ചെയ്യുന്നതിനായി **3/12/2022-ന്അഡീഷണൽ ചീഫ് സെക്രട്ടറി ഒരു യോഗം വിളിച്ചുചേർത്തിരുന്നു.** ടി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസംസ്കരണ പോഷകാഹാരകേന്ദ്രത്തിൽ നിന്ന് ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്ന ജീവനക്കാരെ വിന്യസിക്കുന്നത് നിലവിലുള്ള ഒഴിവുകളിലേക്കാണോ അതോ തസ്തികകളുടെ തന്നെ പുനർവിന്യാസം വഴിയാണോ എന്നും ഇവരുടെ ശമ്പളം എപ്രകാരമാണ് കണ്ടെത്തുന്നതെന്നും അറിയിക്കുവാനും പോഷകാഹാരകേന്ദ്രം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ ശേഷവും 6 മാസക്കാലത്തേയ്ക്ക് ടി സ്ഥാപനത്തിൽ നിലനിർത്തുന്ന താത്ക്കാലിക ജീവനക്കാരനെ സംബന്ധിച്ച വിവരം സ്ഥാപനത്തിന്റെ പേരിൽ നിലവിൽ നിജപ്പെടുത്തിയിട്ടുള്ള ബാദ്ധ്യതകൾ, പുനർവിന്യസിക്കേണ്ടതും വാനിഷിംഗ് കാറ്റഗറിയിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തേണ്ട തസ്തികയും സംബന്ധിച്ചുമുള്ള വിവരം എന്നിവ ലഭ്യമാക്കാനും തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ ഭക്ഷ്യ സംസ്കരണ കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം ബ്ലോക്ക് പഞ്ചായത്തിന് വിട്ടുനൽകുന്നതിനുള്ള നടപടിക്രമങ്ങളും പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം ബാലുശ്ശേരി ബ്ളോക്ക് പഞ്ചായത്തിന് കൈമാറുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 2/12/2021 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.**

ബാലുശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് കൈമാറുന്ന വിഷയം ചർച്ചചെയ്യുന്നതിനായി ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത യോഗം 3 PM ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.

ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തുടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടം ഗ്രാമ വികസന വകുപ്പിന്റെ അധീനതയിലുള്ളതാണ്. ടി സ്ഥാപനത്തിന്റെ പ്രവർത്തനത്തെ പറ്റിയും നിലവിലുള്ള ജീവനക്കാരെ പറ്റിയും ഏറ്റെടുത്തു നടത്തുന്ന പരിശീലന പരിപാടികളെ പറ്റിയും യോഗം വിലയിരുത്തുകയും ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1) 01/01/2022 ന് പ്രാബല്യത്തിൽ വരുന്ന വിധം ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിനു കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2.) ഇതിനായി ടി സ്ഥാപനത്തിന്റെ ആസ്തിബാധ്യത കണക്കാക്കാനും നിലവിലുള്ള ജീവനക്കാരെ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിലേക്ക് പുനർവിന്യസിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാനും ഗ്രാമ വികസനകമ്മീഷണറെ ചുമതലപ്പെടുത്തി.

3) ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രത്തിൽ താത്കാലികാടിസ്ഥാനത്തിൽ ജോലി

ചെയ്യുന്ന ജീവനക്കാരിൽ ഒരാളെ പ്രസ്തുത സ്ഥാപനം ബ്ലോക്ക് പഞ്ചായത്തേറ്റെടുത്ത ശേഷവും ആറു മാസം കൂടി നിലനിർത്തേണ്ടതാണ്. ടി സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ പറ്റി പുതുതായി ചുമതലയേൽക്കുന്ന ജീവനക്കാരെ പരിചയപ്പെടുത്തുന്നതിനായി മാത്രമാണ് ഈ ക്രമീകരണം.

4) ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം വഴി പുതിയ പ്രോജക്റ്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

യോഗനടപടികൾ 3.40 PM ന് അവസാനിച്ചു.

**യോഗത്തിൽ പങ്കെടുത്തവരുടെ വിവരങ്ങൾ**

| ക്രമ നം | പേര് | തസ്തിക |
|---|---|---|
| 1 | അഡ്വ. കെ.എം സച്ചിൻ ദേവ് | എം.എൽ.എ |
| 2 | വി.കെ അനിത | പ്രസിഡന്റ്, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| 3 | ടി.എം ശശി | വൈസ് പ്രസിഡന്റ്, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| 4 | വി.എസ് സന്തോഷ് കുമാർ | അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ, കമ്മിഷണറേറ്റ് ഫോർ റൂറൽ ഡെവലപ്പ്മെന്റ് |
| 5 | ജോബി സലാസ് | സെക്രട്ടറി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് |
| 6 | ടോമി കെ ജെ | ഡയറക്ടർ, ഭക്ഷ്യ സംസ്കരണ പോഷകാഹാര കേന്ദ്രം |